പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ

543. [743] ശ്രീ. എസ്. ആർ തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സർക്കാർ മേഖലയിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരായി എത്ര പേരുണ്ടെന്നും സ്വകാര്യമേഖലയിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരായി എത്ര പേരുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) പുതുതായി അനുവദിക്കുന്ന സ്കൂളുകളിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിക്കുവാനുള്ള നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) 1985-86-ലെ കണക്കനുസരിച്ച് സർക്കാർ മേഖലയിൽ 2333 പേരും സ്വകാര്യ മേഖലയിൽ 2739 പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുമുണ്ട്.

(ബി) പുതുതായി ആരംഭിക്കുന്ന എയ്ഡഡ് സ്കൂളുകളിൽ വിദ്യാഭ്യാസ വകുപ്പു നൽകുന്ന പാനലിൽനിന്നും ചുരുങ്ങിയത് ഒരു പ്രൊട്ടക്റ്റഡ് അദ്ധ്യാപകനെയെങ്കിലും നിയമിച്ചിരിക്കണമെന്ന് വ്യവസ്ഥയുണ്ട്.

തിരുവനന്തപുരം കാർമൽ സ്കൂൾ

544 (744) ശ്രീ എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കാർമൽ സ്കൂളിലെ മൂന്ന്, അഞ്ച്, എട്ട് സ്റ്റാൻഡേർഡുകളുടെഅംഗീകാരം റദ്ദാക്കിയ നടപടി പിൻവലിക്കാൻ ഡി. പി. ഐ. ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഈ നടപടി സ്റേ ചെയ്തുകൊണ്ട് ഗവൺമെൻറ് ഉത്തരവ് ഉണ്ടായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തായിരുന്നു അതിനു കാരണമെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

(ബി) ഉണ്ട്.

(സി) ഡി. പി. ഐയുടെ നടപടി തൃപ്തികരമായി തോന്നിയില്ല. അതുകൊണ്ടാണ് സ്റേ നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly